# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

ജില്ലാ ആഫീസ്, കോട്ടയം

നമ്പർ: പി.എൽ/4/08/ ഡി.ഒ.കെ. കോട്ടയം

12.07.2008

## <u>വിജ്ഞാപനം</u>

13.10.2006-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം കോട്ടയം ജില്ലയിൽ കൃഷി വകുപ്പിൽ വർക്ക് സൂപ്രണ്ട് (കാറ്റഗറി നമ്പർ 95/06) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിനായി 30.11.07 തീയതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ താൽക്കാലികമായി യോഗ്യത നേടിയ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർക്കുന്നു.

പരീക്ഷാ രജിസ്റ്റർ നമ്പറിൻെറ ക്രമത്തിൽ മാത്രമാണ് നമ്പറുകൾ പ്രസിദ്ധീകരിക്കുന്നത്. രജിസ്റ്റർ നമ്പരുകളുടെ ക്രമീകരണം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥികളുടെ റാങ്ക് ക്രമീകരണത്തെ സൂചിപ്പിക്കുന്നില്ല.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്കു വിധേയമാക്കുന്നതാണ്.

ഗസറ്റ് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന ഒന്നാമത്തെ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെയാണ് ലിസ്റ്റ് ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മറ്റു യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ പരീക്ഷയ്ക്ക് 55 (അൻപത്തിയഞ്ച്) മാർക്കും അതിൽ കൂടുതലും നേടിയ ഉദ്യോഗാർത്ഥികളെ ലിസ്റ്റ് II ൻെറ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി പിന്നോക്ക വിഭാഗക്കാർക്കുള്ള സപ്ലിമെൻററി ലിസ്റ്റും തയ്യാറാക്കിയിരിക്കുന്നു.

രേഖകൾ പരിശോധിക്കുന്നതിനായി ഉദ്യോഗാർത്ഥികൾ 30.07.2008 ന് രാവിലെ 10.00 മണിക്ക് പി.എസ്.സി. കോട്ടയം ജില്ലാ ആഫീസിൽ ബന്ധപ്പെട്ട രേഖകളുടെ അസ്സലും, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. രേഖകളുടെ പരിശോധനയ്ക്ക്ശേഷം ആവശ്യമായ പ്രമാണങ്ങളുടെ പകർപ്പുകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ഹാജരാക്കാത്ത ഉദ്യോഗാർത്ഥികളുടേയും അപേക്ഷയിൽ മറ്റ് ഏതെങ്കിലും ന്യൂനതകൾ കണ്ടെത്തുന്ന ഉദ്യോഗാർത്ഥികളുടേയും രജിസ്റ്റർ നമ്പരുകൾ ഒരറിയിപ്പും കൂടാതെ ഈ സാദ്ധ്യതാ പട്ടികയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

രജിസ്റ്റർ നമ്പറുകൾക്ക് മുൻപായി 'കെ' ചേർത്ത് വായിക്കേണ്ടതാണ്

# ലിസ്റ്റ് – I

## മുഖ്യപട്ടിക

100044

## ഉപപട്ടികകൾ – ഇല്ല

# ലിസ്റ്റ്– II

## മുഖ്യപട്ടിക

| | | | | | |
|---|---|---|---|---|---|
| 100011 | 100016 | 100037 | 100052 | 100059 | 100071 |
| 100075 | 100093 | 100108 | 100112 | 100121 | 100125 |
| 100158 | 100177 | 100207 | | | |

## ഉപപട്ടികകൾ

### ഈഴവ

| | | | | | |
|---|---|---|---|---|---|
| 100066 | 100074 | 100082 | 100087 | 100088 | 100142 |
| 100157 | 100167 | 100178 | 100199 | 100221 | |

### പട്ടികജാതി

100034 100094 100119 100126 100137 100206

### പട്ടികവർഗ്ഗം

100021

### മുസ്ലീം

100019 100065 100072 100092 100203

### ലത്തീൻ കത്തോലിക്ക

100091 100135 100191

## മറ്റുപിന്നാക്ക വിഭാഗം

100073 100122 100165

## വിശ്വകർമ്മ

100007 100058

## എസ്.ഐ.യു.സി. നാടാർ/ആംഗ്ലോ ഇൻഡ്യൻ

## ഇല്ല

## മറ്റു ക്രിസ്ത്യാനികൾ

100215

## ധീവര

## ഇല്ല

## വികലാംഗ ഉദ്യോഗാർത്ഥികൾ - ഇല്ല

**കുറിപ്പ്:** 1. അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ തികച്ചും സോപാധികമായിട്ടാണ് ഈ പട്ടികയിൽ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2. ഉദ്യോഗാർത്ഥികൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അപേക്ഷയിൽ എഴുതാത്ത യാതൊരു അവകാശവും തുടർന്ന് സ്വീകരിക്കുന്നതല്ല.

3. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ, അതായത് യോഗ്യത, ജനനത്തീയതി, ജാതി എന്നിവയും മറ്റാനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ (നേരത്തെ ഹാജരാക്കാത്തവർ) അസ്സൽ പ്രമാണങ്ങളുടെ സൂക്ഷ്മ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 25.08.07-ലെ സർക്കാർ ഉത്തരവ് നമ്പർ 46/2007/എസ്.സി/എസ്.ടി ഡി.ഡി. പ്രകാരം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ മറ്റു പിന്നാക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ആയത് രേഖകളുടെ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്. മുഖ്യപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹമല്ലാത്ത ഓപ്പൺ കോമ്പറ്റീഷൻ ഉദ്യോഗാർത്ഥികളായി പരിഗണിക്കുന്നതാണ്. മറ്റു പിന്നോക്ക സമുദായങ്ങളുടെ ഉപപട്ടികകളിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ

നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാസമയം ഹാജരാക്കാത്ത പക്ഷം അവരുടെ രജിസ്റ്റർ നമ്പരുകൾ ഒരറിയിപ്പും കൂടാതെ തന്നെ ഈ സാധ്യതാ പട്ടികയിൽ നിന്നും നീക്കം ചെയ്യുന്നതാണ്. ജാതി, സമുദായം സംവരണത്തിനായി പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ടവർ തഹസീൽദാരിൽ നിന്നും 22.03.2005-നു ശേഷം ലഭിച്ച ജാതി സർട്ടിഫിക്കറ്റും അതിൻെറ രണ്ടു പകർപ്പുകളും ഹാജരാക്കേണ്ടതാണ്.

നിലവിലുള്ള നടപടിക്രമമനുസരിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ഉത്തരക്കടലാസ് പുനഃപരിശോധന നടത്തുന്നതല്ല. എന്നാൽ, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനു ശേഷം സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടവരുൾപ്പെടെ എല്ലാ ഉദ്യോഗാർത്ഥികൾക്കും ഉത്തരക്കടലാസുകൾ പുനഃപരിശോധിക്കാൻ അവസരം ലഭിക്കുന്നതാണ്. ഇതു സബന്ധിച്ച വിവരങ്ങൾ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തോടൊപ്പം ഉണ്ടായിരിക്കുന്നതാണ്.

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം)**

(ഒപ്പ്)
പി. വിജയൻ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, കോട്ടയം.

ak/doktm2